# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2408** **05.11.2019-ൽ മറുപടിയ്ക്ക്**

**<u>പ്രവാസി ചിട്ടിയിൽ മലയാളികളുടെ പങ്കാളിത്തം</u>**

| ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പ്രവാസി ചിട്ടിയിൽ മലയാളികളുടെ പങ്കാളിത്തം പ്രതീക്ഷിച്ചതുപോലെ ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഇതിനോടകം 122000 -ൽപ്പരം പേർ പ്രവാസി ചിട്ടിയിൽ ചേരുന്നതിനുള്ള സന്നദ്ധത അറിയിച്ചു കഴിഞ്ഞു. KYC നടപടികൾ പൂർത്തിയാക്കിയവർക്കാണ് ചിട്ടിയിൽ ചേരുവാൻ കഴിയുക. 28000 പേർ KYC നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. 11443 പേർ ചിട്ടിയിൽ ചേർന്നുകഴിഞ്ഞു. കൂടുതൽ ആളുകളെ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഗൾഫ് മേഖലയിലെ ഓരോ രാജ്യത്ത് നിന്നും നിലവിൽ എത്ര വരിക്കാരാണ് പ്രവാസി ചിട്ടിയിൽ ചേർന്നത്; യൂറോപ്പിൽ നിന്നും ഇതിനകം എത്ര വരിക്കാരെ ലഭിച്ചുവെന്നറിയിക്കാമോ; | (ബി) | UAE 5716, OMAN 515, QUATAR 860, Saudi Arabia 860, KUWAIT 498, BAHARIN 367, EUROPEAN COUNTRIES 122 എന്നിങ്ങനെയാണ് ഇപ്പോഴത്തെ വരിക്കാരുടെ എണ്ണം. |
| (സി) | പ്രവാസി ചിട്ടിയിൽ ആളുകളെ ചേർക്കുന്നതിനായി കെ.എസ്.എഫ്.ഇയുടെ ഉന്നത ഉദ്യോഗസ്ഥർ ഇതിനകം എത്ര തവണ വിദേശരാജ്യങ്ങൾ സന്ദർശിച്ചു; ഏതൊക്കെ രാജ്യങ്ങളാണ് സന്ദർശിച്ചതെന്നും ഓരോ സന്ദർശനത്തിനും എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാ | (സി) | പ്രവാസി ചിട്ടിയുടെ പ്രചരണാർത്ഥം കെ.എസ്.എഫ്.ഇയുടെ ഉന്നത ഉദ്യോഗസ്ഥർ 6 തവണ യു.എ.ഇ, ഒമാൻ, യു.കെ എന്നീ വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഓരോ സന്ദർശനത്തിനും നാളിതുവരെ വന്ന ചെലവുകൾ ഇപ്രകാരമാണ്.<br>യു.എ.ഇ - 3,49,884<br>ഒമാന് - 15,18,380<br>യുണൈറ്റഡ് കിംഗ്ഡം - 13,58,670 |

| | | | |
|---|---|---|---|
| . | ക്കുമോ? | | വിദേശരാജ്യം സന്ദർശിച്ചവർക്ക്<br>ഡി.എ നൽകിയ വകയിൽ - 2,46,063<br>ആകെ - 34,72,997 |

Puja
സെക്ഷൻ ഓഫീസർ